ആരോപണം. തൃക്കാക്കര വില്ലേജിൽ ജി.സി.ഡി.എ.-യുടെ വക സ്ഥലം ഇസ്മയിൽ എന്നയാളിന് സെന്റിന് 20,000 രൂപ നിരക്കിൽ വില്പന നടത്തിയതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നു എന്നുള്ളതാണ് ശ്രീ. പി. എം. മുഹമ്മദ് അലിക്ക് എതിരെയുള്ള അന്വേഷണത്തിന് ആധാരമായ ആരോപണം.

സംസ്ഥാന ഹോമിയോ ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണം

64 [3761] *ശ്രീ. പി. എസ്. സുപാൽ:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോമിയോ ഡയറക്ടർ ഡോക്ടർ കെ. എം. ബോബിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; ആരാണ് അന്വേഷണത്തിന് നേതൃത്വം നൽകുന്നത്;

(ബി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഇപ്പോൾ അന്വേഷണം മന്ദഗതിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ യൂണിറ്റാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്.

(ബി) സർക്കാരിന് ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത്.

(സി) ഇല്ല.

(ഡി) അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന് വിജിലൻസ് ഡയറക്ടർ നൽകിയിട്ടുണ്ട്.

സ്ത്രീ തടവുകാർക്കായി പ്രത്യേക ജയിലുകൾ

65 [3762] *ശ്രീ. കെ. സി. ജോസഫ്:*
,, എം. മുരളി:
,, വി. ജെ. പൗലോസ്:
ഡോ. എം. എ. കുട്ടപ്പൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീ തടവുകാർക്ക് മാന്യമായ ജയിൽ ജീവിതം നയിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ ചെയ്തിട്ടുണ്ട്; സ്ത്രീകൾക്കുവേണ്ടി പ്രത്യേകം ജയിലുകളുണ്ടാക്കുന്നതിനും അവരെ നോക്കുന്നതിന് സ്ത്രീകളായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്ത്രീ തടവുകാർക്ക് മാന്യമായ ജയിൽ ജീവിതം നയിക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്കുമാത്രമായി ഒരു ജയിൽ നെയ്യാറ്റിൻകരയിൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ജയിലുകളിൽ സ്ത്രീ തടവുകാരെ സ്ത്രീകളായ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രത്യേക ബ്ലോക്കുകളിലാണ് പാർപ്പിച്ചിരിക്കുന്നത്. കണ്ണൂരിൽ ഒരു വനിതാ ജയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തടവുകാരായ സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും നൽകുന്നുണ്ട്.

പരോളിൽപോയ തടവുകാർ

66 [3763] *ശ്രീ. തോമസ് ചാഴികാടൻ:*
„ *കെ. നാരായണക്കുറുപ്പ്:*
„ *റോഷി അഗസ്റ്റിൻ:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽനിന്ന് പരോളിൽപോയ തടവുകാർ കൃത്യമായി തിരിച്ചെത്താറുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്രപേർ തിരിച്ചെത്താനുണ്ടെന്നറിയിക്കാമോ;

(സി) തിരിച്ചെത്താത്തവരുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) ജയിൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വളരെ കുറച്ച് തടവുകാർ മാത്രം തിരിച്ചെത്താറില്ല.

(ബി) 78 പേർ.

(സി) അവധി കഴിഞ്ഞ് എത്തേണ്ട ദിവസത്തിലും സമയത്തിലും എത്തിച്ചേരാത്തപക്ഷം ഉടനടി വിവരം ബന്ധപ്പെട്ട പോലീസ് അധികൃതരെ അറിയിച്ച് അവരെ അറസ്റ്റ് ചെയ്ത് തിരികെ ജയിലിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) നിലവിൽ ഇക്കാര്യം കർശനമായി പാലിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly